**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശ സ്വയംഭരണ വകുപ്പ് - എല്ലാ ജില്ലകളിലും ആധുനികരീതിയിലുള്ള പൊതുശ്മശാനം നിർമ്മിക്കുന്നതിന് 10.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം.615/14/തസ്വഭവ തിരുവനന്തപുരം, തീയതി :01.03.2014.**

പരാമർശം- 1. 2013-14 ലെ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 66 (എ).
2. 09.01.14 - ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ യോഗ നടപടിക്രമങ്ങൾ.

**<u>ഉത്തരവ്</u>**

ആധുനിക സംവിധാനങ്ങളോടു കൂടിയ പ്രകൃതി വാതക/ എൽപിജി ശ്മശാനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്നും ഇതോടനുബന്ധിച്ച് ആംബുലൻസ് സംവിധാനവും സജ്ജീകരിക്കേണ്ടതുണ്ടെന്നും ഈ സംവിധാനം ഓരോ ജില്ലകളിലും ഓരോന്നു വീതം സ്ഥാപിക്കുന്നതിന് 10.5 കോടി രൂപ നീക്കിവെയ്ക്കുന്നുവെന്നും പരാമർശം (1) ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 9.1.14 - ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ടി ശുപാർശ അംഗീകരിക്കുകയും ടി വിഷയത്തിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അംഗീകാരം നൽകുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ആധുനിക സംവിധാനങ്ങളോടുകൂടിയ വാതക/എൽപിജി ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3. ഇതിനാവശ്യമായ തുക 4217-60-051-97(p), 4217-60-052-98(p) എന്നീ ശീർഷകങ്ങളിൽ നിന്ന് വഹിക്കേണ്ടതാണ്. മേൽ പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വമിഷനെ ചുമതലപ്പെടുത്തുന്നു. നിർദ്ദിഷ്ട ശ്മശാനങ്ങൾക്കായുള്ള സ്ഥലം മാനദണ്ഡങ്ങൾക്കനുസൃതമായി നഗരകാര്യഡയറക്ടർ തെരഞ്ഞെടുക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**(സി.വൽസല)**
ജോയിൻറ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം,
തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (LBA&A), തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം,
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
പ്ളാനിംഗ് &ഇക്കണോമിക്ക് അഫയേഴ്സ് വകുപ്പ്.
ധനകാര്യ പ്ളാനിംഗ് (ബി) വകുപ്പ്,
ധനകാര്യ ഡെവലപ്പ്മെൻറ് വകുപ്പ്,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ